(ബി) പ്രസ്തുത പഞ്ചായത്തിൽ അമ്പലം, ഊരാളശ്ശേരി ഉരുത്തുകൾ ബണ്ട് കെട്ടി സംരക്ഷിക്കുന്ന നടപടികൾ ഫണ്ടിന്റെ അപര്യാപ്തമൂലം സ്വീകരിച്ചിട്ടില്ല.

ജല സംരക്ഷണ പദ്ധതികൾ

115 (4918) ശ്രീ. എം. ചന്ദ്രൻ :

ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. കെ. കഞ്ഞമ്മത് മാസ്റ്റർ :

ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം നേരിട്ടിരുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാവ്യതിയാനവും കണക്കിലെടുത്ത് ലഭ്യമായജലം പരമാവധി സംരക്ഷിക്കാൻ 505 കോടി രൂപയുടെ വിവിധ പദ്ധതികൾ 2013-14 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത പദ്ധതികളുടെ നിലവിലെ പുരോഗതി അറിയിക്കുമോ; ഇതിനായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കാമോ ; നിക്ഷേപ പ്രയോജനം വിലയിരുത്തിയിരുന്നോ; വിശദാംശം നൽകുമോ ;

(സി) 400 കോടി രൂപ മുടക്കി 700 തടയണ പണിയാനുള്ള പദ്ധതിയുടെ നിലവിലെ പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദമാക്കാമോ ;

(ഡി) പദ്ധതി പ്രകാരം എത്ര തടയണകൾ നിർമ്മിച്ചെന്നും അതിനായി ചെലവഴിച്ച തുകയെത്രയെന്നും അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനം നേരിട്ടിരുന്ന അതിരൂക്ഷമായ വരൾച്ചയും കാലാവസ്ഥാവ്യതിയാനവും കണക്കിലെടുത്ത് കുടിവെള്ള വിതരണത്തിനും ജലസേചനത്തിനുമായി ലഭ്യമായജലം പരമാവധി സംരക്ഷിക്കാനുള്ള വിവിധ പദ്ധതികൾക്കുമായി 505.14 കോടി രൂപ 2013-14 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

2013-14 ബഡ്ജറ്റ് പ്രകാരം ജലവിഭവ വകുപ്പിന് അനുവദിച്ച പദ്ധതി വിഹിതത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	വിഭാഗം	തുക (കോടി)
1	Major & Medium Irrigation	375.63
2	Minor Irrigation	
	(a) Ground Water Development	12.06
	(b) Surface Water Development	63.00
3	Command Area Development	4.00
4	Flood Control & Coastal Zone Management	
	(a)Flood Control	50.00
	(b) Coastal zone mangement	0.45
	Total	505.14

(ബി) 2013-14-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം ജലസേചന വകുപ്പിനുള്ള മൊത്തം പദ്ധതി വിഹിതമായ 488.83 കോടി രൂപയിൽ, ജലസേചനവും ഭരണവും ചീഫ് എഞ്ചിനീയറുടെ മേൽനോട്ടത്തിലുള്ള പദ്ധതികൾക്കായി 2014 മാർച്ച് മാസംവരെ 330 കോടി രൂപ ചെലവഴിച്ചു. ഇതിൽ പലതും തുടർ പദ്ധതികളാണ്. വെള്ളപ്പൊക്കനിവാരണം, കടലാക്രമണപ്രതിരോധം, ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളുടെ നവീകരണം, ചെക്ക് ഡാമുകൾ, റെഗുലേറ്ററുകൾ എന്നിവയുടെ നിർമ്മാണം എന്നിവ ഏറ്റെടുത്തിട്ടുണ്ട്.

നദികളിലെയും മറ്റ് പ്രധാന നീർച്ചാലുകളിലെയും നീരൊഴുക്ക് സ്ഥായിയാക്കുക, കാലവർഷ സമയത്ത് ലഭിക്കുന്ന അധിക ജലം തടഞ്ഞുനിർത്തി സമീപപ്രദേശത്തെ ഉജല വിതാനം താഴാതെ നിലനിർത്തുക, കാർഷിക ഗാർഹികാവശ്യങ്ങൾക്ക് ആവശ്യമായ ജലം ലഭ്യമാക്കുക എന്നിവയാണ് ഈ നിക്ഷേപം കൊണ്ട് ലക്ഷ്യമിടുന്ന പ്രയോജനങ്ങൾ. ഓരോ പദ്ധതിയുടേയും രൂപരേഖ തയ്യാറാക്കി അംഗീകാരം നൽകുമ്പോൾ ഇത്തരം ഉപയോഗങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

LIBRARY, ARCHIVES Kerala Legislative Assembly

2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ ഭൂജല വകുപ്പിന് വകയിരുത്തിയിരുന്ന 12.06 കോടി രൂപ കൂടാതെ അഡീഷണൽ ഓതറൈസേഷനായി ലഭിച്ച 4.44 കോടി രൂപ ഉൾപ്പെടെ മൊത്തം 16.50 കോടി രൂപ ഭൂജല വകുപ്പിന് പദ്ധതി വിഹിതമായി ലഭിച്ചിട്ടുണ്ട്. പ്രസ്തുത തുകയിൽ 16 കോടി രൂപ വിവിധ പദ്ധതികൾക്കായി ഭൂജല വകുപ്പ് ചെലവഴിച്ചു. 10,134 വിവിധതരം കിണറുകളുടെ സ്ഥാനനിർണ്ണയം, 2130 കുഴൽക്കിണർ നിർമ്മാണം, 4458 ഹാൻഡ്പമ്പ് റിപ്പയറുകൾ, 79 കുഴൽക്കിണർ ലോഗിംഗ്, 152 പമ്പിംഗ് സെറ്റുകൾ, 4400 രാസപരിശോധനകൾ എന്നിവയും ഭൂജല നിയന്ത്രണവും ക്രമീകരണവും എന്ന സ്കീമിൽ 21 കിണർ രജിസ്ട്രേഷനുകൾ 1198 പെർമിറ്റുകൾ, 519 കൺസർവേഷൻ പെർമിറ്റുകൾ, 18 കുപ്പിവെള്ള കമ്പനികളുടെ നോൺ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് എന്നിവയും ഹൈഡ്രോളജി പ്രോജക്ടിന്റെ ഭാഗമായി 874 നിരീക്ഷണം കിണറുകളിൽനിന്നും ഡാറ്റാ ശേഖരണം, ഡിസിഷൻ സപ്പോർട്ട് സിസ്റ്റം, എറണാകുളം ഡാറ്റാ സെന്റർ നിർമ്മാണം, ഡാറ്റാ പങ്കുവയ്ക്കൽ എന്നീ പ്രവർത്തനങ്ങളും ഭൂജല സംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും എന്ന പദ്ധതിയിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ 75 കൃത്രിമ ഭൂജല സംപോഷണ പദ്ധതികളും രാജീവ്ഗാന്ധി കുടിവെള്ള പദ്ധതി പ്രകാരം 180 കുഴൽക്കിണറുകൾ, 73 ചെറുകിട കുടിവെള്ള പദ്ധതികൾ, 90 ഹാൻഡ് പമ്പ് പദ്ധതികൾ എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ പെർഫോർമൻസ് ആഡിറ്റ് വിഭാഗം 2013-14 കാലയളവിലെ ഭൂജല വകുപ്പിന്റെ പ്രവർത്തനപുരോഗതി വിലയിരുത്തിയിട്ടുണ്ട്.

2013-14 സാമ്പത്തിക വർഷത്തിൽ സി.ഡബ്ല്യു.ആർ.ഡി.എം-ന് IWRMTP-യ്ക്ക് വേണ്ടി സ്പെഷ്യൽ അസിസ്റ്റൻസായി ടെയിനിംഗ് നടത്തുന്നതിന് പ്ലാൻ ഫണ്ട് ഇനത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയത് ചെലവഴിച്ചത് സംബന്ധിച്ച് കണക്കും നടത്തിയ 23 പരിശീലനങ്ങളുടെ പട്ടികയും അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു.*

2013-14 സാമ്പത്തിക വർഷം കമാന്റ് ഏരിയ ഡെവലപ്മെന്റ് അതോറിറ്റിക്ക് സംസ്ഥാനവിഹിതമായി വകയിരുത്തിയിട്ടുള്ള 4 കോടി രൂപയും കേന്ദ്രവിഹിതവും ഉൾപ്പെടെയുള്ള എട്ട് കോടി രൂപയുടെ ചെലവ് സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(രൂപ ലക്ഷത്തിൽ)

പദ്ധതി	ധനസഹായമായി ലഭിച്ച തുക	ചെലവഴിച്ച തുക	
		സി.എ.ഡി.ഡബ്ല്യു.എം. മാർഗ്ഗരേഖകൾ പ്രകാരം കേന്ദ്രവിഹിതമായി ലഭിക്കേണ്ട തുക	സംസ്ഥാന വിഹിതം
പഴശ്ശി പദ്ധതി	38.09	1.685	40.689
കാഞ്ഞിരപ്പുഴ പദ്ധതി	128.08	34.427	90.627
പദ്ധതി ആസ്ഥാനം	150.00	82.05	82.05
കല്ലട പദ്ധതി	181.14	25.754	133.302
മൂവാറ്റുപുഴ പദ്ധതി	301.20	...	220.555
ആകെ	798.51	143.916	567.223

വിവിധ കാഡ പദ്ധതികളിലെ ജൂലൈ 2015 വരെയുള്ള ഭൗതിക നേട്ടങ്ങൾ

	പൂർത്തീകരിച്ചത്	മൊത്തം ഹെക്ടർ
കാഞ്ഞിരപ്പുഴ പദ്ധതി	7476.85 ഹെക്ടർ	8467
കല്ലട പദ്ധതി	467.74 "	16233
പഴശ്ശി പദ്ധതി	1362 "	11530
മൂവാറ്റുപുഴ പദ്ധതി	1137.6 "	17100

2014-15 സാമ്പത്തിക വർഷം സംസ്ഥാന സർക്കാരിന്റെ ഫണ്ട് ഉപയോഗിച്ചുചെയ്ത പദ്ധതിയിൽ 99 ശതമാനം പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ബഡ്ജറ്റിൽ പ്രസ്താവിച്ചിരുന്ന 400 കോടി രൂപ മുടക്കി 700 തടയണ പണിയാനുള്ള പദ്ധതിയിൽ 110.38 കോടി രൂപ വരുന്ന 190 തടയണകൾക്ക് ഭരണാനുമതി ലഭിച്ചു. ഇവയിൽ ഏഴെണ്ണം പൂർത്തീകരിക്കുകയും ഏഴെണ്ണം പുരോഗതിയിലും എട്ടെണ്ണം വിവിധ കാരണങ്ങളാൽ ഉപേക്ഷിക്കുകയും ബാക്കിയുള്ളവയുടെ സാങ്കേതികാനുമതി നൽകൽ, ടെണ്ടർ നടപടിക്രമങ്ങൾ എന്നിവ പുരോഗമിക്കുകയും ചെയ്യുന്നു.

(ഡി) ഏഴ് തടയണകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. കരാറുകാർക്ക് പെയ്മെന്റ് നടത്താത്തതിനാൽ ചെലവൊന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

ജല-പരിസ്ഥിതി സംരക്ഷണം

116 (4919) <u>ശ്രീമതി കെ. എസ്. സലീഖ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല-പരിസ്ഥിതി സംരക്ഷണത്തിനും മഴവെള്ള സംഭരണത്തിനും വേണ്ടി ഈ സർക്കാർ 2011 മുതൽ 2015 വരെ ഓരോ വർഷവും എത്ര തുക ചെലവാക്കി ; എന്തൊക്കെ നടപടികൾ ഇതിനായി സ്വീകരിച്ചു ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതിന്റെ ഭാഗമായി നദികളുടെ സംരക്ഷണം , കയ്യേറ്റം തടയൽ, മണൽ വാരൽ നിയന്ത്രിക്കൽ, തീരസംരക്ഷണം, തോടുകളുടെ സംരക്ഷണവും കയ്യേറ്റം തടയലും, കുളങ്ങളുടെ സംരക്ഷണം, കുളം നികത്തൽ തടയൽ, വീടുകളിൽ മഴക്കുഴികൾ സ്ഥാപിക്കൽ എന്നിവവഴി മഴവെള്ള സംഭരണത്തിനും ജല-പരിസ്ഥിതി സംരക്ഷണത്തിനുമായി ഈ കാലയളവിൽ ഓരോ വർഷവും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും,അത്തരം പ്രവൃത്തികൾക്കായി നീക്കി വച്ച തുക , ചെലവാക്കിയ തുക, , ലഭിച്ച കേന്ദ്ര സഹായം , അതിൽ ചെലവാക്കിയ തുക എന്നിവ എത്രയെന്നും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഈ കാലയളവിൽ കുളങ്ങളുടെ പുനരുദ്ധാരണം, നികത്തപ്പെട്ട കുളങ്ങളെ പുനരുദ്ധരിക്കൽ, കിണർനിറ, നീർത്തടാധിഷ്ഠിത ഗ്രാമവികസനം എന്നിവയ്ക്കായി ജലവിഭവ വകുപ്പും മറ്റുവകുപ്പുകളും സംയുക്തമായി എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വർഷവും ജില്ലയും തിരിച്ച് വിശദാംശം ലഭ്യമാക്കാമോ ;

(ഡി) ഏതെല്ലാം ജില്ലകളിൽ മഴവെള്ളം പാഴാക്കുന്നുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; ജലദൗർലഭ്യം നേരിടുന്ന ഇടങ്ങളിൽ മഴവെള്ളം

LIBRARY ARCHIVES Kerala Legislative Assembly